# മന്ത്രിസഭാ തീരുമാനങ്ങൾ

## (16.04.2010)

- കോഴിക്കോട് ആസ്ഥാനമായി പുതുതായി സഹകരണവകുപ്പിന്റെ കീഴിൽ ഒരു ആർബിട്രേഷൻ കോടതി രൂപീകരിക്കുവാൻ തീരുമാനിച്ചു.
- കേരള ശാസ്ത്രസാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ എക്സിക്യുട്ടീവ് വൈസ് പ്രസിഡന്റായി ഇന്ത്യൻ ഫോറസ്റ്റ് സർവീസിൽ നിന്നും വിരമിച്ച ശ്രീ സി.ടി. ശിവശങ്കരൻ നായരെ നിയമിക്കുവാൻ തീരുമാനിച്ചു.
- പട്ടികജാതി-പട്ടികവർഗ്ഗ വികസനവകുപ്പിന്റെ കീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ 370 തസ്തികകൾ സൃഷ്ടിക്കുവാൻ തീരുമാനിച്ചു.
- മട്ടന്നൂരിൽ ഒരു വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിന് കിൻഫ്രാ ഏറ്റെടുക്കുന്ന ഭൂമിയുടെ ഏറ്റെടുക്കൽ നടപടികൾ ഫാസ്റ്റ് ട്രാക്ക് പ്രാജക്ടിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചു.
- കൊച്ചി-കോയമ്പത്തൂർ നാഷണൽ ഹൈവേയിൽ ഒരു വ്യാവസായിക ഇടനാഴിക്കു വേണ്ടിയുള്ള സാധ്യതാ പഠനം നടത്തുന്നതിന് കെ.എസ്.ഐ.ഡി.സി.യെ ചുമതലപ്പെടുത്തി.
- കളമശ്ശേരിയിൽ കണ്ടെയ്നർ ഫ്രൈറ്റ്സ്റ്റേഷൻ ആരംഭിക്കുന്ന പദ്ധതി നടപ്പിലാക്കുന്നതിന് കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ബോർഡിനെ ചുമതലപ്പെടുത്തി.
- അനധികൃതമായി എഫ്.സി.ഐ. തൊഴിലാളികൾ നടത്തുന്ന പണിമുടക്കുമൂലം സംസ്ഥാനത്ത് റേഷൻ വിതരണം താറുമാറാകുന്ന സ്ഥിതിയാണുള്ളത്. കേന്ദ്ര ഗവൺമെന്റ് അനുവദിച്ച ധാന്യങ്ങൾ പൂർണ്ണമായി തരുവാൻ ഇതുമൂലം എഫ്.സി.ഐ.ക്ക് കഴിയുന്നില്ല. എഫ്.സി.ഐ.യും തൊഴിലാളികളും തമ്മിലുള്ള തർക്കം നീണ്ടുപോകുന്ന സാഹചര്യത്തിൽ ബന്ധപ്പെട്ടവരുടെ യോഗം ഈ മാസം 21 ന് മുഖ്യമന്ത്രി വിളിച്ചു ചേർക്കുന്നതാണ്.
- ആലപ്പുഴ, പത്തനംതിട്ട, കോട്ടയം ജില്ലകളിലെ കൃഷിനാശം സംഭവിച്ച ഇൻഷുറൻസ് ഇല്ലാത്ത കർഷകർക്ക് പ്രകൃതിക്ഷോഭ സഹായമായി ലഭിക്കുന്ന 4,000 രൂപയ്ക്കു പുറമെ കൃഷി ഡയറക്ടറുടെ ക്രൈസിസ് മാനേജ്മെന്റ് ഫണ്ടിൽ ലഭ്യമായ തുകയിൽ നിന്ന് ഹെക്ടറിന് 6,000 രൂപ കൂടി നൽകുന്നതിന് തീരുമാനിച്ചു.
- തണ്ണീർമുക്കം ബണ്ട് തുറന്നുവിട്ടതിനെ തുടർന്ന് കൃഷിനാശം സംഭവിച്ചവർക്ക് ജില്ലാ കളക്ടറുടെ റിപ്പോർട്ട് കിട്ടുന്ന മുറയ്ക്ക് ആവശ്യമായ സഹായം ലഭ്യമാക്കും.
- ദേശീയപാതാ വികസനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ചർച്ച ചെയ്യാൻ 20.04.2010 ന് വൈകിട്ട് നാല് മണിക്ക് ഒരു സർവകക്ഷി യോഗം ചേരും.
- ഛത്തിസ്ഗഢിൽ മാവോയിസ്റ്റ് ആക്രമണത്തിൽ കൊല്ലപ്പെട്ട മലയാളി ജവാൻ കെ.രാജേഷിന്റെ കുടുംബത്തിന് 5 ലക്ഷം രൂപ സാമ്പത്തിക സഹായം നൽകാൻ തീരുമാനിച്ചു.

✻✻✻✻✻✻